## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 63 | 11.6.2012 ൽ മറുപടിയ്ക്ക്

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിൽസാ ധനസഹായമായി ഈ സർക്കാർ വന്നതിനു ശേഷം എത്ര തുക അനുവദിച്ചിട്ടുണ്ടെന്നു പറയാമോ ; തുക അനുവദിച്ചത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; | (എ) ഈ സർക്കാർ വന്നതിനു ശേഷം 65,12,86,800/- രൂപ (അറുപത്തിയഞ്ചു കോടി പന്ത്രണ്ട് ലക്ഷത്തി എൺപത്താറാ യിരത്തി എണ്ണൂറ് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിൽസാ ധന സഹായമായി അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ചികിൽസാ സഹായം അനുവദിച്ചു കഴിഞ്ഞാൽ വളരെ മാസങ്ങൾ കഴിഞ്ഞാണ് തുക ജനങ്ങളുടെ കൈവശം എത്തുന്നത് എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഇതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ ; ചികിത്സയ്ക്ക് പണമില്ലാതെ ബുദ്ധിമുട്ടുന്ന രോഗികൾക്ക് സർക്കാർ അനുവദിക്കുന്ന പ്രസ്തുത തുക എത്രയും വേഗം വിതരണം ചെയ്യാൻ സംവിധാനം ഉണ്ടാക്കുമോ ; | (ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സർക്കാർ അനുവദിക്കുന്ന തുക യഥാസമയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) ചികിൽസാ സഹായ വിതരണം ചെയ്യുന്നതിന് പരിചയസമ്പന്നരും സേവന സന്നദ്ധരുമായ ക്ലാർക്ക്മാരെ താലൂക്ക് ഓഫീസുകളിൽ നിയമിക്കുമോ ; ക്ലാർക്കുമാരുടെ കുറവു മൂലം ചികിൽസാ സഹായ നിധി യഥാസമയം വിതരണം ചെയ്യുന്നതിന് നോട്ടീസ് അയക്കു ന്നതിനും, അറിയിക്കുന്നതിനും കഴിയാതെ വരുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഈ വിഷയം പരിഹരിക്കുമോ ? | (സി) ആവശ്യമായ നടപടികൾ സ്വീക രിച്ചിട്ടുണ്ട്. |

Vanjal

സെക്ഷൻ ഓഫീസർ.

**അനുബന്ധം**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന്**

**അനു വദിച്ച തുക വിവരം**

| ക്രമ നം. | ജില്ല | അനുവദിച്ച തുക |
|---|---|---|
| 1 | തിരുവനന്തപുരം | 6,04,30,000 |
| 2 | കൊല്ലം | 4,75,00,000 |
| 3 | പത്തനംതിട്ട | 2,83,00,000 |
| 4 | ആലപ്പുഴ | 7,28,00,000 |
| 5 | കോട്ടയം | 5,69,00,000 |
| 6 | ഇടുക്കി | 4,50,35,800 |
| 7 | എറണാകുളം | 3,35,00,000 |
| 8 | തൃശ്ശൂർ | 4,06,00,000 |
| 9 | മലപ്പുറം | 4,54,00,000 |
| 10 | പാലക്കാട് | 4,35,41,000 |
| 11 | കോഴിക്കോട് | 2,67,00,000 |
| 12 | കണ്ണൂർ | 3,15,00,000 |
| 13 | വയനാട് | 1,31,00,000 |
| 14 | കാസർഗോഡ് | 10,59,80,000 |
| | ആകെ തുക | **65,12,86,800** |

Vaijayanthi

സെക്ഷൻ ഓഫീസർ.